MR. R. RAMAN PILLAI (*Kottayam*): സർ, ഞാൻ മിമേനവൻെറ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പക്ഷെ അദ്ദേഹം പറഞ്ഞിട്ടുള്ള വിഷയത്തെപ്പറ്റി സംസാരിക്കാനല്ലാ ഞാൻ അതിനെപ്പറ്റിഅനുകൂലിക്കുന്നതു്. അക്കൌണ്ടാഫീസിലെ ചില നിയമനങ്ങളിൽ നടക്കുന്ന ന്യായരാഹിത്യത്തെപ്പറ്റി വിമർശനം ചെയ്യണമെന്നുള്ള ഉദ്ദേശമാണു് എനിക്കുള്ളതു്. ഇതരഡിപ്പാർട്ടുമെൻറുകളിൽ എന്നപോലെ അക്കൌണ്ടാഫീസിലും നിയമരാഹിതമായ പല നയിമനങ്ങളും നടന്നുകൊണ്ടിരിക്കുന്നുണ്ടു്. ഒരിക്കൽ അക്കിംഗ് ജൂനിയർ D. S. P. യെ പിടിച്ചു് സീനിയർ ഡി. എസ്. പി. മാരുടെ മുകളിൽ വച്ചുപോലെ—

MR. K. P. NILAKANTA PILLAI (*Chirayinkil*): ആ നിയമനം അക്കൌണ്ടാഫീസിൽ നിന്നുമാണോ നടത്തിയതു്?

MR. R. RAMAN PILLAI (*Kottayam*): അതുപോലെ എന്നാണു് ഞാൻ പറഞ്ഞതു്.

ഏഴു കൊല്ലത്തിനു മേൽ കൂടുതൽ സർവ്വീസുള്ള ദേഹമായ സേശ്വാപ്രമുക്കളായ മേലധികാരിയുടെ കീഴിൽ ഇരുന്നു്, അവരുടെ മുമ്പിൽ മുക്കു നിലത്തു കുത്തത്തക്കവണ്ണം വളയാൻ നിവർത്തിയില്ലാത്ത ഒരു

LIBRARY ARCHIVES Kerala Legislative Assembly

നട്ടെല്ലുണ്ട് എന്ന ഹേളുവായിട്ട്, മിസ്റ്റർ ഇ. ഐ. മാത്യുവിനെ അവഗ ണിച്ച് അദ്ദേഹത്തിന്റെ മുകളിൽ ഏഴുകൊല്ലത്തെ സർവ്വീസ് കുറവുള്ള ഒരാളിനെ, സ്ഥിരം ചീഫ് സിക്രട്ടറിയുടെ അടുത്ത ബന്ധു എന്ന് കാര ണത്താൽ, വച്ചതുപോലെ; ൨൫൦ രൂപാ ശമ്പളത്തിൽ ദീർഘകാല മായി സ്ഥിരമായിരിക്കുന്ന ഒരു ടെഷറി ആഫീസരുടെ മുകളിൽ ൧൫൭ രൂപാ ശമ്പളത്തിലിരുന്ന രണ്ടു മൂന്നു ആളുകളെ ൨൫൦ മുതൽ ൩൫൦ വരെയുള്ള സ്കെയിലിൽ വച്ചനയംപോലെയുള്ള നിയമനങ്ങൾ ഈ ഡിപ്പാർട്ടുമെൻറിലും നടന്നുകൊണ്ടിരിക്കുന്നു. ഉദ്യോഗത്തിൽ പ്രോമോ ഷനം ലഭിക്കാതിരിക്കുന്നുവെങ്കിൽ കായ്ക്ഷമതയ്ക്ക് സാരമായ ദോഷം വരുന്നതാണ്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ഉദ്യോഗസ്ഥന്മാർക്ക് നിരാ ശയുണ്ടാകുന്നു.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): സ്ഥിരം ചീ ഫ് സെക്രട്ടറി ഈ നിയമനം നടന്നകാലത്തു ബാങ്കളൂരിൽ ആയിരുന്നു എന്നറിയാമൊ?

MR. R. RAMAN PILLAI (*Kottayam*): എവിടെ പോയിരുന്നാലും ചീ ഫ് സെക്രട്ടറി ചീഫ് സെക്രട്ടറി തന്നെയാണ്.

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): ഈ നിയമനം നടത്തിയതും അക്കൌണ്ടാഫീസറാണോ?

MR. R. RAMAN PILLAI (*Kottayam*): ഏതു ഞാൻ പറഞ്ഞില്ല. ഇ തരഡിപ്പാർട്ടുമെൻറുകളിൽ നടക്കുന്നതുപോലെ ഇവിടേയുംനടക്കുന്നു എ ന്നു ദൃഷ്ടാന്തമായിട്ടു ഞാൻ പറഞ്ഞു എന്നേയൊള്ളൂ.

ഇപ്രകാരം വരുന്നതുകൊണ്ട് ഉദ്യോഗസ്ഥന്മാരുടെയിടയിൽ നി രാശയുണ്ടായി അവർ ചെയ്യേണ്ട ജോലി ചെയ്യുന്നതിന് ഉത്സാഹമി ല്ലാത്തവരായിട്ടുതീരുന്നു.

MR. K. P. NILAKANTA PILLAI (*Chirayinkil*): അക്കൌണ്ട് ആഫീ സിൽ അങ്ങനെ ഏതെങ്കിലും നിയമനം നടന്നിട്ടുണ്ടോ?

MR. R. RAMAN PILLAI (*Kottayam*): അക്കൌണ്ടാഫീസിൽ നടന്നി ട്ടുള്ള മൂന്നു നിയമനങ്ങളെപ്പറ്റിയാണ് പറഞ്ഞതു്. അവരുടെപേരെ ല്ലാം വിളിച്ചുപറയണമെന്നു വിചാരിക്കുന്നില്ല. ഇതിനുമുമ്പു് ഒരാൾപേ രുപറഞ്ഞതുകൊണ്ടാണ് ഞാൻ രണ്ടുപേർ പറയാൻ ഇടയായതു്. അ ക്കൌണ്ടാഫീസിൽ മൂന്നു് നിയമനങ്ങളും ഈ നിലയിൽ നടത്തീട്ടുണ്ടു്. അതിൽ ഒരാൾ പെൻഷൻപറ്റി പിരിഞ്ഞുകഴിഞ്ഞുവെന്നാണ് എ നിക്കു തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. MURUVELIL PACHU PILLAI (*Shertallai*) : പേരുവിളിച്ച് പറയുന്നതിന് മെമ്പക്ക് എന്താണ് ഇത്ര വൈമനസ്യം?

MR. R. RAMAN PILLAI (*Kottayam*): അത് ഈ കൌൺസിലിലോ! പേരുവിളിച്ച് പറയാൻപാടില്ലാ എന്ന് ഈ കൌൺസിലിൽനിന്നതന്നെ അനുഭവം കിട്ടീട്ടുണ്ട്.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : കേസ്സ് വരുമെന്ന് ഭയപ്പെട്ടിട്ടാണോ?

MR. R. RAMAN PILLAI (*Kottayam*) : കേസ്സ് വന്നതുകൊണ്ടാണ്; ഭയമുണ്ടായിരുന്നുവെങ്കിൽ അന്നതന്നെ പറയുകയില്ലായിരുന്നു.

അതുകൊണ്ട് ഇങ്ങനെയുള്ള ദുഷ്പ്രേരണകളെ പരിഹരിച്ച് ന്യായമായ വിധത്തിൽ നിയമനങ്ങളും നടത്തുന്നതിന് അക്കൌണ്ടാഫീസർ ശ്രമിക്കണം.

MR. ITTOOP ITTEECHAN (*Kunnatnad*) : ന്യായമായ നിയമനം എന്നുപറഞ്ഞത് എങ്ങനെയാണ്?

MR. R. RAMAN PILLAI (*Kottayam*): സർവീസ്, യോഗ്യത, സാമർത്ഥ്യം, കായ്ശേഷി അല്ലെങ്കിൽ കായ്ക്ഷമത, ഇവയെ നോക്കി നിയമനങ്ങളും നടത്തണം. സമുദായപ്രാതിനിധ്യം വേണ്ടാ എന്ന് നിങ്ങളും എന്നെ പഠിപ്പിച്ചുവെങ്കിലും അത് വേണ്ടെടത്ത് വേണ്ടാ എന്നു ഞാൻ പറയുന്നില്ല.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഇപ്പോൾ മി. രാമൻപിള്ള പറഞ്ഞതുപോലെയുള്ള യോഗ്യതയുള്ളവരുണ്ടെങ്കിൽ, ആ ആളുകളും ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ബന്ധുക്കളായിരുന്നാൽ അവരെ നിയമിക്കാതിരിക്കണമെന്ന് അഭിപ്രായമുണ്ടോ?

MR. R. RAMAN PILLAI (*Kottayam*): ആറേഴുകൊല്ലത്തെ സീനിയാറിട്ടിയെ അവഗണിച്ചു നിയമിക്കത്തക്ക യോഗ്യത ഞാൻ മുമ്പു പറഞ്ഞയാളിനു ഇല്ലാ എന്നാണു ഞാൻ പറഞ്ഞത്.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*) : Sir, the proposal of Mr. A. G. Menon is to appoint a separate Audit Officer independent of the executive Government and the Head of the Administration on a statutory basis and responsible to the Sovereign.

MR. A. G. MENON (*Parur*) : That is not exactly what I meant. He must be created by a statute not exactly independent of the executive Government.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*) : Then I am not able to understand what he means.

MR. A. G. MENON (*Parur*) : That is, a statutory officer directly responsible to the Sovereign.

LIBRARY ARCHIVES Kerala Legislative Assembly

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): And not responsible to the Head of the Administration? What is his function? I would like to know the position of the officer, according to the member's suggestion?

DEPUTY PRESIDENT: That is to say, he should not be removed at the sweet will and pleasure of the Head of the Administration.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): It is not clear, Sir.

DEPUTY PRESIDENT: The appointment should have a statutory guarantee.

MR. A. G. MENON (*Parur*): As the High Court Judges are.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): Should he be under the disciplinary control of the Head of the Administration?

DEPUTY PRESIDENT: No, not according to Mr. A. G. Menon.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): I am not able to understand fully what the member means.

MR. A. G. MENON (*Parur*): Only the person who could deal with him should be the Sovereign.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): From that I am to understand that officer should be independent of the Dewan.

DEPUTY PRESIDENT: Yes.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): That officer should be similar to the Auditor-General in British India.

DEPUTY PRESIDENT: Just as he is not answerable to the Governor-General.

MR. A. G. MENON (*Parur*): Similar to the Devaswom Commissioner here.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): Sir, the Auditor-General in British India is an independent officer and is not answerable to the Governor-General, but is answerable to the Secretary of State in Council. But so far as the Secretary of State in Council is concerned, there is the Cabinet Government, and above that, there are both the Houses of Parliament, and then the Crown. That is the constitution in the United Kingdom. If we are to implant a system more or less similar to that prevailing in British India, we will have an Audit Officer directly under the Sovereign, and independent of the Dewan, and I doubt whether such an appointment is possible since the Dewan is the Head of the Administration and he is responsible for the whole administration. I doubt whether the suggested appointment is a practicable one under the present constitution.

DEPUTY PRESIDENT: So, that is one of the questions which should not be pressed to a division?

LIBRARY ARCHIVES Kerala Legislative Assembly

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): Yes, Sir.

MR. A. THANU PILLAI (*Trivandrum*): Who is responsible for the administration in British India?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): There are so many well constituted authorities above the Auditor General in British India. As already stated there is the Secretary of State, the Cabinet, and both Houses of Parliament. Here, there is only the Sovereign, and the Dewan takes his orders, whether formally or informally from the Sovereign, and initiates measures and orders expenditure to be incurred, and when that expenditure happens to be questioned, the Audit Officer is expected to approach the same Sovereign and there will be practical difficulties in carrying on the administration.

MR. P. S. MAHOMED (*Nominated*): ഇവിടത്തെ ഓഫീക്കോടതിക്ക സ്വാതന്ത്ര്യമില്ലേ ?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): ഓഫീക്കോടതിക്ക് ചില കാര്യങ്ങളിൽ സ്വാതന്ത്ര്യമുണ്ട്.

MR. P. S. MAHOMED (*Nominated*): അതേ രീതിയിലുള്ള സ്വാതന്ത്ര്യം മറ്റു ഡിപ്പാർട്ടുമെൻറുകൾക്ക കൊടുക്കരുതോ ?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): ഓഫീക്കോടതി ചില നിയമങ്ങളനുസരിച്ച് കാര്യങ്ങം നടത്തിക്കൊണ്ടു പോകുകയാണ് ചെയ്യുന്നത്.

MR. A. G. MENON (*Parur*): Why not provide for it by rules or by a statute?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): Even in advanced Indian States like Mysore and Baroda.....

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): Are those States more advanced than Travancore?

DEPUTY PRESIDENT. Do not compel him to answer that question. It is not complementary either to Travancore or to those States. He only said '*advanced Indian States*' and not '*more* advanced States'.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): In those States, Sir, such a constitution does not exist. In Mysore the Accountant General is under the Finance Member. The same is the case in Hyderabad also. In every other Native State the same state of affairs prevails. I doubt whether the appointment of an auditor, independent of the executive Government is possible here without effecting a radical change in the existing constitution. Further, in a small State like Travancore it does not seem to be necessary.

MR. REVATI NAL RAMA VARMA RAJA (*Edavagai*): പബ്ലിക്ക് അക്കൌണ്ട്സ് കമ്മിറ്റിയെപ്പറ്റി എന്തു പറയുന്നു?

LIBRARY ARCHIVES Kerala Legislative Assembly

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*) അതിനെപ്പറ്റി എന്റെ ബഡ്ഡറ്റ് പ്രസംഗത്തിന്റെ വിമർശനാവസരത്തിൽ ആലോചിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതു കഴിഞ്ഞിട്ട് ഇപ്പോൾ മൂന്നോ നാലോ ദിവസം മാത്രമേയായിട്ടുള്ളൂ. അതിനിടയ്ക്കു കൂടുതലായി ഒന്നും ആലോചിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് അതിനെപ്പറ്റി സൌകര്യംപോലെ ആലോചിക്കാം എന്നു മാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളൂ.

MR. V. J. OOMMEN (*Commerce and Industry, North*): കൌൺസിലിൽ പാസായിട്ടുള്ള അനേകം സംഗതികൾ ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുന്നുവെന്ന് അറിയാമോ?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): അറിയാം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): Was not such a motion made last year also?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): Yes. My impression is that as it is a very important matter, Government require time to consider.

I hope my friend will withdraw his motion.

MR. R. RAMAN PILLAI (*Kottayam*): അക്കൌണ്ടാഫീസ്സിലെ നിയമനങ്ങളെപ്പറ്റി ഞാൻ പറഞ്ഞതിന് മറുപടിയൊന്നും പറഞ്ഞു കാണുന്നില്ല.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): അതിനെപ്പറ്റി ആലോചനയിലാണ് ഇരിക്കുന്നത്.

DEPUTY PRESIDENT: വിസ്തരിച്ചു പറയുക.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): മിസ്റ്റർ രാമൻപിള്ള ഉദ്ദേശിച്ച ആ ആഫീസർ അവധിയിൽ ഇരിക്കുമ്പോഴായിരുന്നു ഈ നിയമനം നടന്നത്.

MR. R. RAMAN PILLAI (*Kottayam*): ന്യായമായിട്ടു ലഭിക്കേണ്ട പ്രമോഷൻ ഒരുദ്യോസ്ഥനു ലഭിച്ചില്ലെങ്കിൽ ആശാഭംഗമുണ്ടാവുകയില്ലെ?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): ഇതു വ്യക്തിപരമായ ഒരു സംഗതിയാണ്. പ്രസ്താവിച്ചകാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നുണ്ട്.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ആ ആഫീസർ ബാഗ്ലൂരിൽ ഇരിക്കുന്ന കാലത്തല്ലേ ഈ നിയമനം നടന്നത്?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): ഇത് അസിസ്റ്റന്റ് സെക്രട്ടറിയുടെ നിയമനത്തെപ്പറ്റി അല്ലാ, ട്രഷറി ആഫീസരുടെ നിയമനത്തെപ്പറ്റി പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. G. MENON (*Parur*): Sir, I am not in the least convinced by the arguments of my friend the Financial Secretary. What he says is that as the Head of the Administration, the Dewan is responsible for all Government matters. As matters stand at present, Dewans come and go. The real Ruler is the Sovereign. Whatever that be, the Dewan as the Prime Minister can advise the Sovereign to deal with the officer that I propose to be appointed as he thinks fit and thus get control over him.

MR. K. P. NILAKANTA PILLAI (*Chirayinkil*): Is it the opinion of the member that the present state of irresponsible Government should continue hereafter also, namely the officers being not responsible to the legislature?

MR. A. G. MENON (*Parur*): That is a step even further than what I suggest. I wish very much that such a state of affairs comes into being as early as possible. If I suggest that, perhaps, I may not be permitted by the Rules and the Regulation to discuss the question here, because it deals with the change in the constitution of the Legislative Council. When such a statutory officer, as the one I am now asking for, comes into being we will fight for the change that my friend is now suggesting.

My point, Sir, is that the argument adduced by the Financial Secretary is not sound; because, if that Independent Auditor, now suggested by me, turns to be refractory, of course the Head of the Administration can advise the Sovereign to punish him. The Sovereign can do anything he pleases. The only fear of my friend the Financial Secretary seems to be that since the Dewan is responsible for the administration now, there should not be any Auditor or other officer independent of him. It is for that that I say that the Dewan, by advising the Sovereign as he likes or finds it necessary, can get control over the Independent Auditor. Even now, Sir, practically for all matters, Dewan takes orders from the Sovereign. I ask why not he take orders from the Sovereign in this matter also as he does even in smaller matters at present?

DEPUTY PRESIDENT: All officers above Rs. 125 are now controlled by the Dewan only by the means you now suggest for your proposed Independent Auditor, namely, by advising the Sovereign as he finds it necessary.

MR. A. G. MENON (*Parur*): Anyhow, Sir, whether it would have any effect or not I would press my motion to vote.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): I have nothing more to add, Sir.

MR. MATTHEW MURIKKAN (*Vaikam*): What is the issue on which we are to vote, Sir?

DEPUTY PRESIDENT: Each member can have the issue he chooses. It is not a recommendation on any question. If the discussion had been confined to one specific point the voting could be regarded as an expression of the opinion of the House on that particular matter. But if under the broad head each member had discussed a different point fo

LIBRARY ARCHIVES Kerala Legislative Assembly

himself, the motion cannot mean anything even if it is carried. According to all constitutional practices, even if voted upon and carried this motion cannot be considered to be the expression of the opinion of the House on any point.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : The mover of the motion or the President should choose the issue.

MR. A. G. MENON (*Parur*) : My issue is the separation of Audit from Accounts.

DEPUTY PRESIDENT : I leave it to each member to decide the issue voted upon. It seems to me that more than one point has been discussed under this motion.

The motion was then put to the vote of the House and lost.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : I demand a poll.

A poll was taken and the House divided as follows.

AYES—13.

1	Mr. A. S. Damodaran Asan	8	Mr. V. J. Oommen
2	Mrs. Elizabeth Kuruvila	9	,, Muruvelil Pachu Pillai
3	Mr. A. G. Menon	10	,, L. R. Raja Raja Varma Koil Tampuran
4	,, V. S. Krishna Pillai	11	,, R. Raman Pillai
5	,, A. C. Kuriakose	12	,, Revati Nal Rama Varma Raja
6	,, K. Madhavan Pillai	13	,, A. Thanu Pillai
7	,, H. B. Mahomed Rowther		

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : I rise to a point of order, Sir. Mr. Namputiripad is not in his seat and so he is not entitled to vote.

DEPUTY PRESIDENT : I overrule the point of order. Hereafter take care Mr. Namputiripad. Be prepared for such surprises.

NOES—21.

1	Mr. D. Francis	11	Mr. P. Gomatinayakam Pillai
2	,, D. C. Joseph	12	,, P. N. Krishna Pillai
3	,, K. C. Karunakaran	13	Rao Sahib Dr. N. Kunjan Pillai
4	,, K. N. Kesavan Namputiripad	14	Mr. T. K. Madhavan Nayar
5	,, K. Madhavan	15	,, E. G. McAlpine
6	,, P. S. Mahomed	16	,, R. Nilakanta Pillai
7	,, V. Arunachalam Aiyar	17	,, G. Paramesvaran Pillai
8	,, L. A. Bhishop	18	Dr. K. Raman Tampi
9	,, I. C. Chacko	19	Mr. T. P. Ramasubba Aiyar
10	,, R. Dhanukoti Pillai	20	,, S. C. H. Robinson
		21	,, R. Vaidyalingom Pillai

NEUTRALS—11.

1	Mr. V. Chellam Pillai	6	Mr. Matthew Murikkan
2	,, R. Kesava Pillai	7	,, G. P. Nilakanta Pillai
3	,, Tamarapallil Kochu Tomman	8	,, K. P. Nilakanta Pillai
4	,, N. K. Krishna Pillai	9	,, K. Padmanabha Panikkar
5	,, L. A. Lampard	10	,, K. G. Paramesvaran Pillai
		11	,, S. Piraviperumal Pillai

The Motion was declared lost.

LIBRARY ARCHIVES Kerala Legislative Assembly

Motion 303

To reduce the total allotment of Rs. 1,11,556 under Demand VIII by Rs. 50.

MR. A. C. KURIAKOSE (*Minachil cum Devicolam*): സർ, എട്ടാമത്തെ ഡിമാൻഡായ അക്കൌണ്ടാഫീസ് എസ്റ്റാബ്ലിഷ്മെന്റ് വകയ്ക്കുള്ള ൨,൨൨,൪൪൦ രൂപായിൽ നിന്നും ൪൦ രൂപാ കുറക്കണമെന്നുള്ള ഒരുപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. കഴിഞ്ഞവർഷത്തിൽ തന്നെ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതായ ഒരുപക്ഷേപത്തിനു് തന്നിട്ടുള്ള മറുപടിയനുസരിച്ചു് യാതൊരു നടപടിയും നടത്തീട്ടില്ല എന്നുള്ളതിനെ പ്രകാശിപ്പിച്ചു് തത്സംബന്ധമായി കൂടുതൽ ശ്രദ്ധപതിക്കണമെന്നു് ഓർമ്മപ്പെടുത്തുന്നതിനു വേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കീട്ടുള്ളതു്. കഴിഞ്ഞവർഷത്തിൽ അക്കൌണ്ടാഫീസ്സിലെ ഏതാനും ക്ലാർക്കന്മാർക്കു ഗ്രേഡ് പ്രമോഷൻ കൊടുക്കുന്നതിനു് ബഡ്ജറിൽ പ്രൊവിഷൻ ഉണ്ടായിരുന്നു. ഹജൂരിലെ ക്ലാർക്കന്മാരുടെ വിഷയത്തിൽ എന്നപോലെ ഇവിടേയും ആക്ടിംഗ്ആയി ജോലിനോക്കുന്നവരെ സ്ഥിരപ്പെടുത്താതേയും അവർക്കു് ശമ്പളക്കൂടുതൽ നൽകാതേയും ഇരിക്കുന്നതിനെപ്പറ്റിയും മറും ഞാൻ പ്രതിവാദിച്ചുവെങ്കിലും അന്നു് അക്കൌണ്ടാഫീസറായിരുന്ന ആൾ അവർക്കു് പ്രമോഷൻ കൊടുക്കുന്നവിഷയത്തിലും മറും നീതിപരമായി പ്രവർത്തിച്ചു കൊള്ളാമെന്നു് സമ്മതിച്ചിരുന്നു. ഒടുവിൽ ഏതാനും അണ്ടർഗ്രാഡുവേറും ക്ലാർക്കന്മാർക്കു ശമ്പളവും ഗ്രേഡും കൂട്ടികൊടുത്തതല്ലാതെ മറുയാതൊന്നും ചെയ്തിട്ടില്ല. എന്നാൽ ആക്ടിംഗ് ക്ലാർക്കന്മാർക്കു പ്രമോഷനോ ശമ്പളക്കൂടുതലോ ലഭിക്കാതെ ഇന്നും അതേ നിലയിൽ തന്നെയിരിക്കുന്നുണ്ടു്.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): അവർ ആദ്യം സർവീസിൽ പ്രവേശിച്ചപ്പോൾ ഇൻക്രിമെന്റു കിട്ടുമെന്നു് വിചാരിച്ചിട്ടുണ്ടായിരുന്നോ?

MR. A. C. KURIAKOSE (*Minachil cum Devicolam*): നിശ്ചയമായിട്ടും കിട്ടുമെന്നു തന്നെയാണു് അവർ വിചാരിച്ചിരുന്നതു്.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): തെറ്റിപ്പോയി.

MR. A. C. KURIAKOSE (*Minachil cum Devicolam*): എനിക്കോ അവർക്കോ?

MR. R. NILAKANTA PILLAI (*Ag. Finacial Secretary to Government*): അവർക്കു്.

MR. A. C. KURIAKOSE (*Minachil cum Devicolam*): ഇപ്പോൾ അനുഭവംകൊണ്ടു് അങ്ങനെ കാണുന്നുണ്ടു്. ഹജൂരിലും അക്കൌണ്ട ആ

LIBRARY ARCHIVES Kerala Legislative Assembly

ഫീസിലും, ൪൦, ൫൭ രൂപാവീതം ശമ്പളത്തിൽ പ്രവേശിച്ചവർ ൬൦൦-൦ ൭൦൦-൦ ഒക്കെ ശമ്പളം പറഞ്ഞു ഉദ്യോഗത്തിലിരുന്നപെൻഷൻപറഞ്ഞു പിരിഞ്ഞിട്ടുണ്ട്. പലരും അങ്ങനെ ഉയർന്നശമ്പളത്തിൽ ഇരിക്കുന്നുണ്ട്. അതിനുമണ്ണം യോഗ്യതയും സാമർത്ഥ്യവും ഉള്ള ചെറുപ്പക്കാർ, എം. എ, ബി. എൽ. ബി.എ. ബിഎൽ തുടങ്ങിയ ബിരുദധാരികൾ തങ്ങൾക്കും ഉയർന്നസ്ഥാനങ്ങളിലിരുന്നു ഗവണ്മെൻറിനെ സേവിക്കാമെന്നു് ആഗ്രഹിച്ചു ജോലിയിൽ പ്രവേശിച്ചതു് ഒരു പക്ഷേ തെറ്റിപ്പോയിരിക്കാം. ഈ തെറ്റിനെ തിരുത്താൻ ഗവണ്മെൻറിനു് ശക്തിയുണ്ടെന്നു് വിചാരിച്ചു്, ഗവണ്മെൻറിനെ വിശ്വസിക്കാമെന്നകരുതി, വിശ്വസിച്ചു്, രാജ്യത്തിലെ പൌരന്മാരെന്ന നിലയിൽ ന്യായമായി ലഭിക്കേണ്ട അവകാശം ലഭിക്കും എന്ന വിശ്വാസത്തിൽവന്നിട്ടുള്ള യുവപൌരന്മാക്കു് അതു് തെറ്റിപ്പോയെങ്കിലും ഗവണ്മെൻറു് ആ തെറ്റു തീർക്കണമെന്നാണു് ഞാൻ ഈ ഉപക്ഷേപംകൊണ്ടു് നിർദ്ദേശിക്കുന്നതു്.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*) : അക്കിംഗ് ക്ലാർക്കന്മാക്കു് ഇൻക്രിമെൻറു കൊടുക്കുന്ന യാതൊരു ഏർപ്പാടും സർവീസു റഗുലേഷനിൽ നിശ്ചയിച്ചിട്ടില്ല. ഇതരഡിപ്പാർട്ടുമെൻറുകളിൽ പ്രവേശിക്കുന്നവർക്കു് റൂൾസു് ഒന്നും അറിയാൻ പാടില്ലാ എന്നിരുന്നാലും അക്കൌണ്ടാഫീസിലെ ക്ലാർക്കന്മാക്കു് റൂൾസു് അറിഞ്ഞുകൂടാ എന്നു പറയാൻ നിവർത്തിയില്ല.

MR. V. J. OOMMEN (*Commerce and Industry, North*) : Sir, I rise to a point of order. മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം. (ചിരി.)

DEPUTY PRESIDENT : മലയാളത്തിലാണു് സംസാരിക്കുന്നതു്. മി. ഉമ്മൻ ഒരുപക്ഷേ അതു കേട്ടില്ലായിരിക്കാം. (ചിരി.)

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : ഈ റൂൾസു് ക്ലാർക്കന്മാക്കു മാത്രമേ നിശ്ചയമുള്ളോ? അതല്ല ആഫീസർമാക്കും അറിയാമോ?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): എല്ലാവക്കും അറിയാം. ആദ്യമേതന്നെ റൂൾസെല്ലാം ഉണ്ടെന്നു അറിഞ്ഞുകൊണ്ടുതന്നെയാണു് സർവീസിൽ പ്രവേശിക്കുന്നതു. ഇങ്ങനെ സർവീസിൽ കയറി നാലഞ്ചുകൊല്ലം കഴിഞ്ഞശേഷം "ഞങ്ങൾ അറിഞ്ഞില്ല; ഞങ്ങൾക്കു തെറ്റിപ്പോയി; അതുകൊണ്ടു് ഇൻക്രിമെൻറു തരണം," എന്നു പറയുന്നതു് ശരിയായ അപേക്ഷയല്ല. എന്നിരുന്നാലും ഈ കാര്യത്തിൽ സങ്കടമുണ്ടെന്നു സമ്മതിക്കാം.

MR. MATTHEW MURIKKAN (*Vaikam*) : ഇതു് ക്ലാർക്കന്മാരുടെ അപേക്ഷയല്ല; സഭയുടെ അഭിപ്രായമാണെന്നു അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): സഭയുടെ അഭിപ്രായംതന്നെയാണെങ്കിലും ഇപ്പോഴുള്ള റൂൾസ് മാറ്റിയാലല്ലാതെ നിവർത്തിയില്ല.

MR. MATTHEW MURIKKAN (*Vaikam*): ആ റൂൾസുകളെ മാറ്റാൻ സാധിക്കയില്ലയോ?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): മാറ്റാൻ സാധിക്കും; എന്നാൽ ഒരു ഡിപ്പാർട്ടുമെൻറ് ആവശ്യത്തിനു വേണ്ടി മാത്രം മാറ്റാൻ സാധിക്കയില്ല. ഇതുപോലെതന്നെ മറ്റുപല ഡിപ്പാർട്ടുമെൻറുകളിലും സാധുക്കളായ ആളുകളുണ്ട്. അവരെ എല്ലാവരേയും കൂടി ബാധിക്കുന്ന ഒരു ഭേദഗതി ചെയ്യാനെ സാധിക്കയുള്ളൂ. ആ നിലയിൽ റൂൾ മാറേണ്ടതിനെ സംബന്ധിച്ച് അക്കൌണ്ട് ഡിപ്പാർട്ടുമെൻറിൽനിന്നും നടപടിനടത്തുകയാണ് ചെയ്യേണ്ടത്. അതുകൊണ്ട് മറ്റുള്ള ഡിപ്പാർട്ടുമെൻറുകളിലും ഉള്ളവരുടെ കണക്കുകൾ വരുത്തി പരിശോധിച്ച് വല്ലതും ചെയ്യുന്നതിന് ശ്രമിച്ച് നോക്കാമെന്ന് മാത്രമേ ഇപ്പോൾ പറയാൻ നിവർത്തിയുള്ളൂ.

MR. A. C. KURIAKOSE (*Minachil cum Devicolam*): അക്കൌണ്ടാഫീസിലുള്ളതുപോലെ തന്നെ ഹജൂരാഫീസിലും മറ്റുപല ഡിപ്പാർട്ടുമെൻറുകളിലും ആക്ടിംഗ്കാരുണ്ടെന്ന് അറിയാം. അവരുടെ സങ്കടം പരിഹരിക്കേണ്ടതാണെന്നും തോന്നുന്നുണ്ട്. അതിനെ പരിഹരിക്കുന്നതിന് വേണ്ടനടപടി നടത്താമെന്നാണ് കഴിഞ്ഞകൊല്ലം മറുപടിപറഞ്ഞത്.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): ചിലസംഗതികളിൽ വിഷമം ഉണ്ട്.

MR. A. C. KURIAKOSE (*Minachil cum Devicolam*): വിഷമത്തിന്റെ സ്വഭാവംഎന്താണ്?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): പണത്തിന്റെ അഭാവമാണ്.

MR. A. C. KURIAKOSE (*Minachil cum Devicolam*): ഇപ്പോൾ വരവിൽ നൂറ്റിൽ ശതമാനം ശമ്പളത്തിനു ചിലവാക്കിവരുന്നു എന്ന് പറയുന്നുണ്ട്. അതിൽ കുറച്ചു കൂട്ടുന്നതുകൊണ്ട് വിരോധമുണ്ടോ?

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): കൂട്ടുന്നതുകൊണ്ട് വിരോധമില്ല. എന്തായാലും ഈ സംഗതിയെപ്പറ്റി അടുത്ത കാലത്തുതന്നെ ആലോചിക്കാം.

MR. A. C. KURIAKOSE (*Minachil cum Devicolam*): ഈ സംഗതികളിൽ മറുപടിയായിട്ട് എന്തെങ്കിലും പറഞ്ഞു സമയം കളയണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വിചാരിക്കുന്നില്ല. ന്യായമായിട്ട് കയറാം കിട്ടും എന്നുള്ളവിശ്വാസത്തോടുകൂടിയാണ് അക്കൌണ്ടാഫീസിൽ ആളുകൾ ഉദ്യോഗത്തിൽപ്രവേശിക്കുന്നത്. അങ്ങനെയാണ് കീഴ്നടപ്പും. ഉയർന്ന സ്ഥാനങ്ങളിൽ എത്തീട്ടുള്ളവർ ഇന്നുംഉണ്ട്. ഈ നിലയിലുള്ള ഒരു വിശ്വാസത്തോടുകൂടിയല്ലാതെ ഉൽകൃഷ്ട വിദ്യാഭ്യാസവും ബിരുദം സമ്പാദിച്ചിട്ടുള്ള ജനങ്ങൾ ഇരുപത്തിഅഞ്ചോ നാല്പതോ രൂപയ്ക്ക് ആക്ടിംഗായിട്ട് കഴിച്ചുകൂട്ടിക്കളയാമെന്നുള്ള ഉദ്ദേശത്തിൻപേരിൽ വന്നിരിക്കാൻഇടയില്ല അക്കൌണ്ടാഫീസർ പറയുന്നപോലെ ഒരു പക്ഷെ അവക്ക് തെറ്റിപ്പോയിരിക്കാം. എന്നിരുന്നാലും ജാതിമതവ്യത്യാസംകൂടാതെ സക്കാർസേവനത്തിന് അവകാശമുള്ളവരാണ് അവർ. അങ്ങനെയുള്ളവക്ക് വേണ്ട പ്രോത്സാഹനം നൽകേണ്ടതു ഗവണ്മെൻറിന്റെ ചുമതലയാണ്. ഗവണ്മെൻറ് അങ്ങനെ ചെയ്യുമെന്ന് അവർ വിശ്വസിക്കുന്നു. അവർവിശ്വസിച്ചാലും വിശ്വസിച്ചില്ലെങ്കിലും അങ്ങനെചെയ്യണമെന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ട്. ചെണത്തിന്റെകായ്യത്തിൽ കുറെ വിഷമമുണ്ടെങ്കിലും കഴിയുന്നതും വേഗത്തിൽ അതിനെപ്പറ്റി ആലോചിക്കാം എന്നുള്ള ഫിനാൻഷ്യൽ സിക്രട്ടറിയുടെ വാഗ്ദാനത്തെ സ്വീകരിച്ചുകൊണ്ട് കൌൺസിലിന്റെ അനുവാദപ്രകാരം ഈ ഉപക്ഷേപത്തെ ഞാൻ പിൻവലിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

Motion 304

The following motion was not made.

Mr. K. P. Nilakanta Pillai;

To reduce the total allotment of Rs. 1,11,556 by Rs. 100

Motion 305

To reduce the total allotment of Rs. 1,11, 556 under Demand VIII by Rs. 100.

MR. ITTOOP ITTEECHAN (*Kunnatanad*) അക്കൌണ്ടാഫീസുവകയുള്ള ൧൧൧൧൧൧൧൧൧ രൂപായിൽ നിന്നും ൧൦൦ രൂപാകുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഇതിന്റെ ഉദ്ദേശം അക്കൌണ്ടാഫീസിലെ നിയമനങ്ങളിൽ കത്തോലിക്കർക്ക് പ്രാതിനിധ്യം വളരെകുറവാണ് എന്നുള്ളസംഗതി ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ളതാണ്. മറ്റുള്ള സമുദായങ്ങളുടെ അവകാശങ്ങളെ അവഗണിച്ച് കത്തോലിക്കർക്ക് കൊടുക്കണമെന്ന് എനിക്ക് അഭിപ്രായമില്ല. തിരുവിതാംകൂറിൽ ഏഴിലക്ഷത്തോളം ജനസംഖ്യയുള്ള വമ്പിച്ച സമുദായമാണ് കത്തോലിക്ക സമുദായം. അക്കൌണ്ടാഫീസിലെന്നല്ല മറ്റുഡിപ്പാർട്ടുമെൻറുകളിലുള്ള ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Ittoop Iteechan.]

ങ്ങളിൽ ഏഴിൽഒരംശം ഈ സമുദായത്തിന്ന് ലഭിക്കേണ്ട അവകാശം ഉണ്ട്. അക്കൗണ്ടാഫീസിൽ ഒന്നോ രണ്ടോ കത്തോലിക്കർതന്നെയുണ്ടോ എന്ന് എനിക്ക് സംശയമാണ്. അതു കൊണ്ട് കത്തോലിക്കരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. ദക്ഷിണതിരുവിതാംകൂറിൽ എന്റെ നിയോജക മണ്ഡലത്തിലുൾപ്പെട്ട താലൂക്കുകളിൽ നാടാന്മാരും അരയന്മാരും ആയ റോമൻ കത്തോലിക്കർ ധാരാളമുണ്ട്.

DEPUTY PRESIDENT: Are they Catholics or Protestants, these Nadars?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): കത്തോലിക്ക് മതത്തിൽ ഉൾപ്പെട്ടവരാണ്. അതുകൊണ്ട് അക്കൌണ്ടാഫീസിലുള്ള നിയമനങ്ങളിൽ പ്രാഥമ്യം അവക്ക് നൽകണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

MR. P. S. MAHOMED (*Nominated*): മറ്റുള്ളവക്കും കൊടുക്കരുതോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അവക്കും കൊടുക്കണം, ഇവിടെ കത്തോലിക്കരുടെ കാര്യം മാത്രം പറയുകയാണ്.

DEPUTY PRESIDENT: പ്രത്യേകിച്ചും ദക്ഷിണതിരുവിതാംകൂറിലെ നാടാന്മാക്കും അരയന്മാക്കും കൊടുക്കണം അല്ലേ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അതേ.

MR. A. THANU PILLAI (*Trivandrum*): I wish to say a word regarding the representation of the different communities in Government service. I had occasion to express my views on the matter a few days ago when I spoke on the question of communal representation in service generally, during the discussion of the demand for the Land Revenue Department. I then said that, considering the wide-spread nature of the complaint regarding communal representation, it would be well if the Government would appoint a committee to go into the whole question and formulate proposals. I have to say now that I stick to that view, because when we discussed the Demand for the Forest Department we found the same problem being raised again by the representatives of the various communities. My friend Mr. Mahomed pleaded for the representation of Mahomedans, my Catholic friends for the representation of Catholics, and so on. This is a matter on which Government ought to bestow

LIBRARY ARCHIVES Kerala Legislative Assembly

some serious attention and see that the circumstances that have necessitated these complaints are put an end to (*Hear, hear.*) So, Sir, I earnestly appeal to the Government to go into the matter and find out some solution. Of course, it seems to me that the only way of solving the problem is to appoint a committee to go into the question and to consider it in all its aspects.

DEPUTY PRESIDENT: What about the claims of the different taluks?

MR. A. THANU PILLAI (*Trivandrum*): That also may be considered if necessary. I have no objection to that; and in that connection the claims of different *pakuties* also may be considered. I may mention that the claims of my *pakuti* also may be considered. My point is that the question must be gone into in all its aspects

That is the reason why I advocated the appointment of a committee for the purpose.

MR. ITTOOP ITTEECHAN (*Kunnatnad*): ഇപ്പോഴുള്ള സമുദായങ്ങൾക്കെല്ലാം പ്രാതിനിധ്യം കിട്ടിയശേഷം ഒരു കമ്മിറ്റി ഏർപ്പെടുത്തിയാൽ പോരേ?

MR. A THANU PILLAI (*Trivandrum*): ഇപ്പോൾഉള്ള ഉദ്യോഗവാദങ്ങളെ ശരിപ്പെടുത്തുന്നതിനാണ് ഒരു കമ്മിറ്റിവേണമെന്ന ഞാൻ പറഞ്ഞത്. ഇന്നപ്രകാരത്തിൽവേണം ഉദ്യോഗം കൊടുക്കാൻ എന്ന വ്യവസ്ഥപ്പെടുത്തി കഴിഞ്ഞാൽ അതനുസരിച്ച് നടത്താം. എല്ലാവക്കും ഉദ്യോഗം കിട്ടുകയും ചെയ്യും.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): എങ്ങനെയുള്ള കമ്മിറ്റിയാണ് വേണമെന്നു പറയുന്നത്?

MR. A. THANU PILLAI (*Trivandrum*): ഈ സംഗതികളെപ്പറ്റി എല്ലാം പഠിച്ചാലോചിച്ച് ഇന്നപ്രകാരത്തിൽ ചെയ്യണം എന്നുള്ള നിർദ്ദേശങ്ങൾ കൊടുക്കാൻ ഉള്ള ഒരു കമ്മിറ്റി വേണമെന്നാണ് ഞാൻപറയുന്നത്.

MR. MATTHEW MURIKKAN (*Vaikam*): Will my friend tell us.....

DEPUTY PRESIDENT: Will you please address the question to the Chair, Mr. Matthew Murikkan?

MR. MATTHEW MURIKKAN (*Vaikam*): The presumption always is, Sir, that questions are addressed to the Chair. Unfortunately, it happened in the present instance that I turned the other side since the member was seated there.

DEPUTY PRESIDENT: I am not quarrelling with you, Mr. Matthew Murikkan, for turning that side; my only point is that I would also like to hear you. I do not make much of it.

LIBRARY ARCHIVES Kerala Legislative Assembly

MR. MATTHEW MURIKKAN (*Vaikam*); Will my friend tell us the nature of the committee that he suggests—the principle of representation so far as the constitution of that committee is concerned?

MR. A. THANU PILLAI (*Trivandrum*): We have appointed many committees for many purposes. It is therefore not a difficult matter in this case alone. If necessary, the representatives of different communities may be chosen for the committee, the representatives of various interests if that is also found necesssry. I have not got any particular gentlemen to suggest for being made members of that committee, or any particular course of action. I do not now go into those details. My only point is that a satisfactory committee must be appointed to go into the whole question in all its aspects.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): തെക്കൻതിരുവിതാംകൂറിൽനിന്നുംഞാനെങ്കിലും ആ കമ്മിറ്റിക്കു വേണമെന്നാണോ?

MR. A. THANU PILLAI (*Trivandrum*): വടക്കൻ തിരുവിതാംകൂറിൽ നിന്നുംവേണം; തെക്കൻതിരുവിതാംകൂറിൽ നിന്നുംവേണം.

MR. K. P. NILAKANTA PILLAI (*Chirayinkil*): വടക്കൻ തിരുവിതാംകൂറിൽനിന്നും തെക്കൻ തിരുവിതാംകൂറിലേക്കു ദൂരം എത്രയുണ്ടെന്നു പറയാമോ? (*Laughter.*)

MR. A. THANU PILLAI (*Trivandrum*): Sir, before my time is up, I want to draw the attention of my friends to one important matter. I want to advocate the claims of some communities which are now placed very low in society,—I mean the Pulayas, Parayas, Kuravars, and others. I understand that there are a few Pulaya and Paraya youths fit to enter Government service now. It would be a very great thing if Government consider their case sympathetically and see that they are provided for in Government service so that the education in these communities may advance. I wanted to put in a word on this matter only in connection with the Demand for the Education Department. I understand there are some youths in these communities fit for employment in Malayalam Schools. I am waiting for the opportunity to speak about these communities in connection with the Demand for the Education Department. I would now rest content with the suggestion that special preference should be given to the members of the Pulaya, Paraya, Kuravar and other communities.

DEPUTY PRESIDENT: In the Account Department?

MR. A. THANU PILLAI (*Trivandrum*): In the Account Department, in the Secretariat.....

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): May I inform the member that we have already appointed one or two from these communities?

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*) : I am very glad ; but I would request the Account Officer to appoint more from these communities. I understand that there are undergraduates and even graduates belonging to these communities, some of them Christians, some Hindus. Irrespective of considerations of religion, encouragement should be given to the youths belonging to these low placed communities. That is the point that I would like to press now for the attention of Government.

MR. P. S. MAHOMED (*Nominated*): ബഹു, ...

DEPUTY PRESIDENT : I think we would better stop now. It is 5 o'clock.

The Council adjourned at 5-1 P. M.

P. N. KRISHNA PILLAI,
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly